"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - Strengthening of Agricultural Extension 2024-25 - HR support to Project Directorates of ATMA - കരാർ ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ച നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.435/2024/AGRI തീയതി,തിരുവനന്തപുരം, 16-05-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 1449/13/AD തീയതി 01.08.2013 .
2. സ.ഉ. (സാധാ)നം. 320/2023/കൃഷി തീയതി 30.03.2023 .
3. കൃഷി ഡയറക്ടറുടെ 12.02.2024 , 21.3.3024 എന്നീ തീയതികളിലെ ADFW/551/2024/ATMA നമ്പർ കത്തുകൾ .

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിനു കീഴിൽ 'HR Support to Project Directorates of ATMA' എന്ന പദ്ധതിയിൽ 25 ജില്ലാ ടെക്നോളജി മാനേജർമാരെ 1 4 ജില്ലകളിലെ ആത്മ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയങ്ങളിലും ആത്മ സ്റ്റേറ്റ് നോഡൽ സെല്ലിലും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം ജോലി ചെയ്തുവന്നിരുന്ന ജില്ലാ ടെക്നോളജി മാനേജർ, ടെക്നിക്കൽ ഓഫീസർമാർ എന്നിവർക്ക് സ്ഥിരനിയമനത്തിന് അവകാശം ഉന്നയിക്കില്ല എന്ന കർശന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി 31.03.2023നു ശേഷം ഒരു ദിവസത്തെ ഇടവേള നൽകി ഒരു വർഷത്തേക്ക് 2023-24 സാമ്പത്തിക വർഷം , പരാമർശം (2) പ്രകാരം കരാർ ദീർഘിപ്പിച്ച നൽകിയിരുന്നു.

2. HR Support to Project Directorates of ATMA എന്ന പദ്ധതിയിൽ ജില്ലാ ടെക്നോളജി മാനേജർമാരെയും ടെക്നിക്കൽ ഓഫീസർമാരെയും 31.03.2024-നു ശേഷം 2024-25 സാമ്പത്തിക വർഷത്തിലേക്കും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് , തുടർ നിയമനം നൽകണമെന്ന് പരാമർശം (3)ലെ കത്തുകൾ മുഖേന കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, HR Support to Project Directors of ATMA യിൽ 2023-24 സാമ്പത്തിക വർഷം പദ്ധതിക്കായി മാറ്റി വച്ച അതേ തുക മാറ്റി വച്ചിട്ടുള്ള സാഹചര്യത്തിൽ , 'HR Support to Project Directorates of ATMA' എന്ന പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജില്ലാ ടെക്നോളജി മാനേജർ, ടെക്നിക്കൽ ഓഫീസർമാർ എന്നിവരെ 31.03.2024-നു ശേഷം ഒരു വർഷം പൂർത്തിയാകുന്ന മുറക്ക് ഒരു ദിവസത്തെ ബ്രേക്കിന് ശേഷം , സ്ഥിരപ്പെടുത്താൻ യാതൊരു അവകാശ വാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങികൊണ്ടും ഇലക്ഷൻ പെരുമാറ്റ ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ച്

കൊണ്ടും , 2025 **മാർച്ച് 31 വരെ** നിലനിർത്തുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി കാലയളവിനു ശേഷം പദ്ധതിയിലേയ്ക്ക് ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ **2020-നു മുൻപ് കരാറടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നതായ ജീവനക്കാരെ മുഴുവൻ പിരിച്ചുവിട്ടതിനു ശേഷം,** ഫണ്ട് ലഭ്യത വിലയിരുത്തി, പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ടെക്നിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ 179 ദിവസത്തേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്/ആഡിറ്റ്II), കേരള,
തിരുവനന്തപുരം .
ധനകാര്യ വകുപ്പ്(2720693/Agri-A2/43/2024-FIN മുഖേന) .
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (AGRI-PA2/15/2024-AGRI).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ